**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5451** **03-11-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ കെട്ടിടം എത്ര വർഷം പഴക്കമുള്ളതാണെന്ന് വ്യക്തമാക്കാമോ; | (എ) | 40 വർഷം |
| (ബി) | പ്രസ്തുത കെട്ടിടവും അതിനടുത്ത് ജീവനക്കാർ താമസിക്കുന്ന കെട്ടിടവും ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ചില ക്വാർട്ടേഴ്സുകൾ ഉപയോഗപ്രദമല്ല എന്ന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| (സി) | എങ്കിൽ പുതിയ കെട്ടിടം പണിയുന്നതിന് തീരുമാനമായിട്ടുണ്ടോ; പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ; | (സി) | പുതിയ കെട്ടിടം പണിയുന്നതിന് വകുപ്പ് തലത്തിൽ നടപടി ആരംഭിച്ചിട്ടുണ്ട്. പ്രാരംഭ നടപടിയായി പൊതുമരാമത്ത് വകുപ്പ് സോയിൽ ടെസ്റ്റ് നടത്തിയിട്ടുള്ളതും കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ഡി) | ജീവനക്കാരുടെ അപര്യാപ്തതയടക്കം മറ്റേതെല്ലാം പോരായ്മകളാണ് കാസർഗോഡ് ഫയർസ്റ്റേഷനിൽ ഇപ്പോൾ ഉള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പോരായ്മകൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) | 2 ഫയർ & റെസ്ക്യൂ ഓഫീസർ ഡ്രൈവറുടെയും, 6 ഫയർ & റെസ്ക്യൂ ഓഫീസറുടെയും ഒഴിവുകൾ നിലവിൽ ഉണ്ടായിരുന്നത് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് പോരായ്മകൾ ഒന്നും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ